**എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരളം, തിരുവനന്തപുരം**
(സാന്നിദ്ധ്യം:എസ്.ആനന്ദകൃഷ്ണൻ.ഐ.പി.എസ് )

വിഷയം :- എക്സൈസ് ഭരണപരം - എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 19.10.2019-ലെയും 09.10.2020-ലെയും 1074/XD3/ 2016/EXC നമ്പർ നടപടിക്രമങ്ങൾ.
2) 14.05.2020 -ലെ G.O(Rt) 312/2020/TD നമ്പർ ഉത്തരവ്.
3) 16.10.2020-ലെ XD3/248635/2020 നമ്പർ കത്ത്.
4) 24.02.2021-ലെ F1/260/2020/TD നമ്പർ സർക്കാർ കത്ത്.
5) ബഹു. കേരള ഹൈക്കോടതി OP(KAT) 323/2020-ൻമേൽ 16.10.2020-ൽ പുറപ്പെടുവിച്ച താൽക്കാലിക ഉത്തരവ്.
6) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.04.2021-ലെ MA 685/2021 in OA 418/2021 -ലെ താൽക്കാലിക ഉത്തരവ്.
7) 14.05.2021 തീയതിയിലെ XD3/248635/2020 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ XD3-248635/2020 തീയതി: 15.05.2021**

എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011-വരെയുള്ള കാലയളവിലെ 14 ജില്ലകളിലെയും ജില്ലാതല സീനിയോരിറ്റി ലിസ്റ്റുകൾ സൂചന (1)-ലെ ഉത്തരവുകൾ പ്രകാരം അന്തിമമായി പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റുകൾക്കെതിരെ നിരവധി ജീവനക്കാർ സർക്കാരിൽ KS&SSR Rule 27(B) പ്രകാരം അപ്പീൽ പെറ്റിഷനുകൾ ഫയൽ ചെയ്യുകയും അതോടൊപ്പം ടി ലിസ്റ്റിനെതിരെ നിരവധി അന്യായങ്ങൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്യുകയും ചെയ്തിരുന്നു. മേൽ വ്യവഹാരങ്ങളിൽ പരാതിക്കാരെ സർക്കാർ നേരിൽ കേട്ട് അപ്പീൽ പെറ്റിഷനുകൾ തീർപ്പാക്കാൻ കോടതി ഉത്തരവായിരുന്നു. ടി കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിവിധ

ഡിവിഷനുകളിലെ പരാതിക്കാരെ സർക്കാർ നേരിൽ കേൾക്കുകയും പാലക്കാട്, മലപ്പുറം, കണ്ണൂർ ഡിവിഷനുകൾ ഒഴികെയുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ഡിവിഷനുകളിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011-വരെയുള്ള കാലയളവിലെ അന്തിമ ജില്ലാതല സീനിയോരിറ്റി ലിസ്റ്റുകൾ പുന:ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവന്നിട്ടുള്ളതുമാണ്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1666/2016 ലെ അന്തിമ വിധിയെത്തുടർന്ന് പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2003-മുതൽ 31.12.2008-വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിന് സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ തുടരവേ, ശ്രീ. രാജൻ മുതൽപേർ ഫയൽ ചെയ്ത OA 1293/2020 കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സൂചന (2) സർക്കാർ ഉത്തരവിൻമേലുള്ള അനന്തരനടപടികൾ താൽക്കാലികമായി സ്റ്റേ ചെയ്യുകയും ആയത് നിലവിലുള്ളതുമാണ്. 2003-08 കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുമ്പോൾ ആയത് 2009-11 കാലയളവിലെ സീനിയോരിറ്റി ലിസ്റ്റിനെയും ബാധിക്കുന്നതാണ്. 2003-2008 കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുവാൻ സർക്കാർ പുറപ്പെടുവിച്ച സൂചന (2) ഉത്തരവിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ നിലനിൽക്കുന്നതിനാൽ ആയതിൻമേലുള്ള തുടർനടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് നിലവിൽ ഇല്ലാത്തത് കാരണം എക്സൈസ് വകുപ്പിലെ സൂപ്പർവൈസറി തസ്തികകളായ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകാൻ കഴിയാതെ വരുകയും പ്രസ്തുത തസ്തികകളിൽ യഥാക്രമം 63-ഉം, 101-ഉം ഒഴിവുകൾ ഉണ്ടാകുകയും ഓഫീസർമാരുടെ അഭാവത്തിൽ വകുപ്പിന്റെ

ദൈനംദിന പ്രവർത്തനങ്ങൾ ഗുരുതരമായി തടസ്സപ്പെടുകയും, ആയത് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിലും, പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് വേണ്ടി 2009-2011 കാലയളവിലെ 14 ജില്ലകളിലും പുറപ്പെടുവിച്ചിട്ടുള്ള അന്തിമ ജില്ലാതല സീനിയോരിറ്റി ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി ആയതിൽ നിന്നും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രിവന്റീവ് ഓഫീസർമാർക്ക് KS & SSR Rule 31(a)(i) പ്രകാരം താൽക്കാലികമായി സ്ഥാനക്കയറ്റം നടത്തുന്ന കാര്യത്തിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം സൂചന (3) കത്ത് പ്രകാരം ആരായുകയും ഇപ്പോൾ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിൽ നിന്നും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തിയിലേയ്ക്ക് KS & SSR Rule 31(a)(i) പ്രകാരവും മറ്റ് നിബന്ധനകൾക്കും വിധേയമായി താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്നതിന് സൂചന (4) കത്ത് പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.

ഇതു കൂടാതെ OA 618/2021 മേൽ വകുപ്പ് ഫയൽ ചെയ്ത MA 685/2021-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 21.04.2021 തീയതിയിൽ താഴെപറയും പ്രകാരം ഉത്തരവിട്ടിരുന്നു.

----------------- *" We are inclined to modify the interim order dated 17/2/21 permitting the respondents to effect Provisional Promotions subject to further orders in the OA. It is made clear that promotions made to the Post of Assistant Excise Inspectors will be provisional and subject to further orders in this OA. Such Promotees shall not be given pay fixation in the promoted Post until the disposal of*